


**കരുണാകരന്റെ ശവഘോഷയാത്ര
തിരുവനന്തപുരത്തു നിന്ന്
തൃശൂരിലെത്താൻ 19 മണിക്കൂർ
എടുത്തതിൽ ആഹ്ളാദം പങ്കിടുന്നവരോട്
നിരഞ്ജൻ പ്രതികരിക്കുന്നു**

# കളിമൺ വിഗ്രഹത്തിന്റെ സ്വർണ്ണചാർത്ത്

**ആഘോഷങ്ങളുടെയും** പൂരങ്ങളുടെയും നാടാണ് കേരളം. മൂന്ന് നാല് ദശാബ്ദങ്ങളായി എന്തിനെയും ആഘോഷങ്ങളാക്കി മാറ്റാനുള്ള മെയ് വഴക്കം മലയാളികൾ നേടിക്കഴിഞ്ഞു. പ്രകൃതി ദുരന്തങ്ങളും, യുദ്ധം മുതൽ ബന്ദും ഹർത്താലും പണിമുടക്കുകളും വരെ ആസ്വദിച്ച് ആഘോഷിച്ച് ആടിത്തിമിർക്കുന്ന മലയാളിക്ക് ക്രൂരമായ നരഹത്യകൾ പോലും പത്ഥ്യങ്ങളായിക്കഴിഞ്ഞു. അങ്ങനെയുള്ള നമ്മുടെ നാട്ടിൽ കേരള രാഷ്ട്രീയത്തിൽ കുറെ കാലം മുടിചൂടാമന്നനായി വാണരുളിയ കെ. കരുണാകരന്റെ മരണവും ആഘോഷമായതിൽ അത്ഭുതവുമില്ല.

ഘോഷയാത്രകൾ ഒരു പോയിന്റ് കടക്കാൻ എത്ര മണിക്കൂറുകൾ എടുത്തുവെന്ന് നോക്കി പാർട്ടിയുടെ കരുത്ത് നിർണയിക്കുന്ന മാധ്യമങ്ങളും നിരീക്ഷകരും കരുണാകരന്റെ ശവമഞ്ചവുമേറ്റിയുള്ള യാത്ര തിരുവനന്തപുരത്തു നിന്ന് തൃശൂരിലെത്താൻ 19 മണിക്കൂർ എടുത്തതിൽ ആഹ്ളാദം പങ്കിടുന്നു. ആ സമയ ദൈർഘ്യം കരുണാകരന്റെ ജനപിന്തുണയായും വ്യാഖ്യാനിക്കപ്പെടുന്നു. ഇടമുറിയാതെയുള്ള പ്രകീർത്തനങ്ങൾ കേട്ട് നിശ്ചലനായി കിടന്നിരുന്ന കരുണാകരന്റെ ജഡം പോലും അന്ധാളിച്ച് വാ തുറന്ന് പോയി എന്നാണ് ജനസംസാരം. വിവാഹ ചടങ്ങുകളിൽ പണ്ട് അവതരിപ്പിച്ചിരുന്ന മംഗള പത്രങ്ങളിൽ വദുവരൻമാരെയും നേതാവിന്റെ വിയോഗത്തിൽ അണികൾ മത്സരിച്ചു നടത്തുന്ന അനുശോചന പ്രസംഗങ്ങളിൽ അന്തരിച്ച നേതാവിന്റെയും ഗുണങ്ങൾ മാത്രം പറയുക എന്നതാണ് നാട്ടു മര്യാദ. അതിന്റെ ഏറ്റവും ഒടുവിലെ ദൃഷ്ടാന്തമാണ് മരണാനന്തരം കരുണാകരനെ പ്രകീർത്തിച്ച് അദ്ദേഹത്തിന്റെ ശത്രുക്കളും മിത്രങ്ങളും മത്സരിച്ച് നടത്തിയ പ്രശംസകൾ. കേരളത്തിന്റെ വികസനത്തിന് നേതൃത്വം നൽകിയ ലീഡർ, തീവ്രവാദത്തെ ഉൻമൂലനം ചെയ്ത ധീരൻ, ആശ്രിത വത്സലൻ, ജനാധിപത്യത്തിന്റെ മികച്ച പോരാളി എന്നിങ്ങനെ അനുചിതങ്ങളായ നിരവധി കീർത്തിമുദ്രകൾ അദ്ദേഹത്തിന് ചാർത്തിക്കൊടുത്തു. തൃശൂരിലെ സീതാറാം മില്ലിലെ തൊഴിലാളി യൂണിയൻ നേതാവിൽ നിന്നു കേന്ദ്ര മന്ത്രി സ്ഥാനം വരെയും എത്തി നിൽക്കുന്ന അദ്ദേഹത്തിന്റെ രാഷ്ട്രീയ ജീവിതത്തിലെ ഉയർച്ചയുടെ



പടവുകളിൽ എവിടെയാണ് മേൽപ്പറഞ്ഞ കീർത്തിമുദ്രകൾക്ക് നിദാനമായ സേവനം കാഴ്ച വച്ചത്. കോൺഗ്രസിന്റെ പിളർപ്പിൽ ആദ്യം കോൺഗ്രസ് അദ്ധ്യക്ഷൻ നിജലിംഗപ്പയോട് കൂറ് പുലർത്തിയും അതോടൊപ്പം എതിർ ചേരിയിലെ ശക്തി ദുർഗ്ഗമായിരുന്ന ഇന്ദിരാഗാന്ധിയോട് പിണങ്ങാതെയും നിന്ന് രംഗവീക്ഷണം നടത്തി ഭരണാധികാരിയുടെ മടിത്തട്ടാണ് നല്ല താവളം എന്നു തിരിച്ചറിഞ്ഞ് ഇന്ദിരയോടൊപ്പം നിന്ന് രാഷ്ട്രീയ മെയ്വഴക്കം കാണിച്ചതിലോ, മുഖ്യമന്ത്രിയായിരിക്കുമ്പോഴും പിന്നീടും സ്വന്തം പാർട്ടിയുടെ നേതാവ് തന്റെ സ്ഥാനം അപഹരിക്കുമെന്ന് ഭയന്ന് അദ്ദേഹത്തെ പരസ്യമായും പരോക്ഷമായും വിമർശിക്കുകയും പരിഹസിക്കുകയും ചെയ്ത രാഷ്ട്രീയ നാടകത്തിലോ തന്റെ ആവശ്യങ്ങൾ അംഗീകരിക്കാൻ വിമുഖതകാട്ടിയ പാർട്ടിയുടെ ദേശീയ അദ്ധ്യക്ഷയെ ആക്ഷേപ വർഷം കൊണ്ട് പൊതിഞ്ഞതിലോ, നാടിന്റെ വികസനത്തിനേക്കാളേറെ സ്വന്തം കുടുംബത്തിന്റെ ഭദ്രതയിലും മക്കളുടെ സ്ഥാനമാനങ്ങളിലും ശ്രദ്ധാലു ആയതിലോ അദ്ദേത്തിന്റെ രാഷ്ട്രീയസദാചാരം വെളിവായിട്ടും അതെല്ലാം തമസ്കരിച്ച് അദ്ദേഹത്തെ പുത്തൻ മൂല്യങ്ങളുടെ സ്രോതസായി ഉയർത്തുന്നവരുടെ മഹാമനസ്കതയിൽ നമുക്ക് പരിതപിക്കാം. പണ്ട് തട്ടിൽ എസ്റ്റേറ്റിലെ യൂണിയൻ പ്രവർത്തനത്തിനിടെ തന്റെ സ്വാധീനം ഉറപ്പിക്കാൻ വേണ്ടി രൂപകൽപന ചെയ്ത് നടപ്പിലാക്കിയ കൊലപാതകത്തിൽ തനിക്ക് വേണ്ടി ആ നിഷ്ഠൂര കർമ്മം തൂക്കുമരത്തിലേറ്റപ്പെട്ട തൊഴിലാളിയുടെ കുടുംബത്തോട് കാട്ടിയ അവഗണനയിലും അടിയന്തരാവസ്ഥയിൽ തിരോധാനം ചെയ്ത മകനെ അന്വേഷിച്ച് തന്നെ ആശ്രയിച്ച പിതാവിനെ അവജ്ഞയോടെ കൈകാര്യം ചെയ്തതിലും അദ്ദേഹത്തിന്റെ ആശ്രിതവാത്സല്യം ദർശിക്കുന്നവരുണ്ടാകാം.

തന്റെ തട്ടിൽ എസ്റ്റേറ്റ് അഴിമതിയുടെ ചുരുളഴിച്ച നവാബ് രാജേന്ദ്രനെയും അതിന്റെ തെളിവുകൾ പുറത്തു കൊണ്ടുവരാൻ ശ്രമിച്ച അഴീക്കോടൻ രാഘവനും പുതിയ സമൂഹത്തിന് വേണ്ടി ജീവിതമർപ്പിച്ച വർഗീസിനും നേരിട്ട ദുരന്തങ്ങളും അദ്ദേഹത്തിന്റെ ജനാധിപത്യ വിശ്വാസത്തിന്റെയും നിയമ വാഴ്ചയോടുള്ള പ്രതിബദ്ധതയുടേയും ചിഹ്നങ്ങളായിരിക്കാം. മുഖ്യമന്ത്രി ആയിരിക്കുമ്പോൾ തന്നെ കണ്ട് നിവേദനം സമർപ്പിക്കാൻ നാടിന്റെ നാനാഭാഗങ്ങളിൽ നിന്നു വരുന്ന പാവങ്ങളായ പ്രജകളിൽ നിന്ന് ചിരിച്ചു കൊണ്ട് നിവേദനങ്ങൾ സ്വീകരിച്ച് മാലക്കാരുടേതൊഴിച്ച് മറ്റു നിവേദനങ്ങൾ ചവറ്റുകൊട്ടയിലെറിയുന്ന അദ്ദേഹത്തിന്റെ നവീന ജനസമ്പർക്ക രീതി സാമൂഹ്യ പ്രതിബദ്ധതയുടെ മകുടോദാഹരണങ്ങളായിരിക്കാം. ഇത്തരം മുഹൂർത്തങ്ങളും ചിഹ്നങ്ങളും അനുഭവങ്ങളും മറന്ന അദ്ദേഹത്തെ കേരളം കണ്ട ഏറ്റവും വലിയ ജനാധിപത്യവാദിയായി ചിത്രീകരിക്കുന്ന രാഷ്ട്രീയ കോമാളികളുടെ വയറ്റുപിഴപ്പു രാഷ്ട്രീയത്തെയും മാദ്ധ്യമങ്ങളുടെ കച്ചവടക്കണ്ണുകളെയും തിരിച്ചറിയാൻ വൈകുന്ന ഒരു സമൂഹത്തിന് സഹനത്തിന്റെ നൽവഴികളാണ് മുന്നിൽ തെളിയുന്നത്. ധാർമികത തീണ്ടാതെ തന്നെ ധർമ്മ പാലകനായി പരലോകം പൂകിയ നേതാവ് കാലനെപ്പോലും നിഷ്കാസിതനാക്കിയെന്ന തിരിച്ചറിവ് അൽപം ചിലർക്കെങ്കിലും ഉണ്ടായതിൽ നമുക്ക് സമാധാനിക്കാം. ധാർമ്മിക പ്രതിസന്ധിയുടെ കാലഘട്ടത്തിൽ നിഷ്പക്ഷത പുലർത്തുന്ന കാപട്യക്കാരന്റെ സ്ഥാനം നരകത്തിലെ പൊള്ളുന്ന പ്രതലമായിരിക്കുമെന്ന സത്യം മലയാളികളെ ഓർമിപ്പിക്കാൻ ഒരു സാംസ്കാരിക നായകൻ നമുക്കില്ലാതെ പോയതിൽ നമുക്ക് പരിതപിക്കാം.


**കേരളീയം വരിസംഖ്യ**
**240 രൂപ അയയ്ക്കുമല്ലോ...**
**വായനക്കാരുടെ പ്രതികരണങ്ങൾ**
അറിയിപ്പുകൾ അഭിപ്രായങ്ങൾ എല്ലാം
**എഴുതുക/വിളിക്കുക/അയക്കുക**
കേരളീയം കൊക്കാലെ, തൃശൂർ-21
ഫോൺ : 0487-2421385,9446576943
e-mail : robinkeraleeyam@gmail.com